## യൂണിറ്റ് 29:  സ്കൂൾവിക്കി – ശുദ്ധീകരണം


## ശൈലീപുസ്തകം: നിർബന്ധമായും ഒഴിവാക്കേണ്ട പ്രയോഗങ്ങൾ


- പേരുകൾക്കു മുന്നിൽ **ശ്രീ, ശ്രീമതി** എന്നിവ ചേർക്കുന്നത് നിർബന്ധമായും ഒഴിവാക്കണം.
- പേരുകൾക്കൊപ്പം **മാസ്റ്റർ, മാഷ്, ടീച്ചർ** എന്നിങ്ങനെയൊക്കെ കേരളത്തിൽ പ്രയോഗിക്കുമെങ്കിലും വിക്കിപീഡിയ ലേഖനങ്ങളിൽ അവ ആവശ്യമില്ല. (ഉദാ: **പി.കെ. ശ്രീമതി.** പി.കെ.ശ്രീമതി ടീച്ചർ വേണ്ട. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നു വേണ്ടതില്ല, **കേരള മുഖ്യമന്ത്രി പിണറായി വിജയൻ** എന്നു മതിയാവും.)
- സാധാരണ ഉപയോഗത്തിലുള്ള പേര് തിരിച്ചുവിടൽ താളായി നിലനിർത്താം.
- എന്നാൽ ഒരു വ്യക്തി അറിയപ്പെടുന്നത് യഥാർത്ഥനാമത്തിലല്ലെങ്കിൽ, പൊതുവേ അറിയപ്പെടുന്ന പേര് ലേഖനങ്ങളിൽ ഉപയോഗിക്കാം. (ഉദാ: കുഞ്ഞുണ്ണി മാഷ്) ഇത്തരം ഒഴിവുകഴിവുകൾ അതാത് സംവാദം താളിൽ ചർച്ച ചെയ്യേണ്ടതാണ്.


**ശൈലീപുസ്തകം വിശദവായനയ്ക്ക്** [ഇവിടെ ക്ലിക്ക് ചെയ്യുക]


## അനാവശ്യ HTML കോഡുകൾ ഉപയോഗിക്കരുത്


- ലാളിത്യമാണ് വിക്കിതാളിന്റെ പ്രത്യേകത.
- താളിന്റെ രൂപഭംഗി, ലാളിത്യം, വൃത്തി, സംവിധാനഭംഗി എന്നിവയ്ക്ക് പ്രാധാന്യം നൽകാം.
- നിറങ്ങൾ ചേർക്കുക, അനാവശ്യ HTML കോഡുകൾ ഉപയോഗിക്കുക എന്നിവ പ്രോൽസാഹിപ്പിക്കുന്നില്ല.






കൂടുതൽ [ഇവിടെ വായിക്കാം.]()

## അനഭിലഷണീയ മാറ്റങ്ങൾ പിൻവലിക്കാം

സ്വയം പഠിച്ച് സ്കൂൾവിക്കി തിരുത്തുന്നവരാണ് നാമെല്ലാം. ഇതിനിടയിൽ അറിഞ്ഞോ അറിയാതെയോ ചില തിരുത്തലുകൾ  നശീകരണമായി മാറാം.

സിക്കുൾവിക്കിയിൽ നിന്ന് ഒന്നും എന്നേക്കുമായി നശിപ്പിക്കാനാവില്ല. മായ്ക്കപ്പെട്ട വിവരങ്ങളും ചിത്രങ്ങളും പോലും തിരികെയെടുക്കാം.

തിരുത്തുകൾക്കിടയിൽ സംഭവിക്കുന്ന അനഭിലഷണീയ മാറ്റങ്ങൾ പിൻവലിക്കാം. വിശദവിവരങ്ങൾ **ഇവിടെയുണ്ട്**.

## ടാഗ് ചേർക്കൽ

സ്കൂൾവിക്കി താളുകളുൽ കാണുന്ന പിഴവുകൾ നിങ്ങൾക്ക് തിരുത്തി ശരിയാക്കാം. ഇനി, അത്തരമൊരു തിരുത്തലിന് പലവിധ കാരണങ്ങളാലും നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ, അക്കാര്യം കാര്യനിർവ്വാഹകരുടേയും ബന്ധപ്പെട്ട വിദ്യാലയ അധികൃതരുടേയും ശ്രദ്ധയിൽപ്പെടുത്താൻ, ഫലകങ്ങൾ ചേർക്കാം.

| **ഫലകം താളിൽ ഏറ്റവും മുകളിൽ ചേർക്കുക .** | **ഉദ്ദേശ്യം** |
|---|---|
| {{മായ്ക്കുക}}<br>{{Delete}} | താളുകളുടേയും ചിത്രങ്ങളുടേയും താളിൽ , അവ നീക്കം ചെയ്യേണ്ടതാണെങ്കിൽ മാത്രം ഈ ഫലകം ചേർക്കാം |
| {{SD}} | പെട്ടെന്ന് മായ്ക്കാനുള്ളവയ്ക്ക് ഈ ഫലകം ചേർക്കുക |
| {{SD\|ഉള്ളടക്കം ചേർത്ത് മെച്ചപ്പെടുത്തുന്നില്ലായെങ്കിൽ താൾ മായ്ക്കപ്പെടും}} | ഉള്ളടക്കം ഒന്നുമില്ലായെങ്കിൽ, ചേർക്കാൻ സ്കൂളധികൃതർ തയ്യാറാവുന്നില്ലായെങ്കിൽ ഈ ഫലകം ചേർക്കുക |
| {{keep}} | സ്കൂൾവിക്കിയിലെ താളുകളിലൊന്നും **ഉപയോഗിക്കപ്പെടാത്ത പ്രമാണങ്ങൾ** മായ്ക്കപ്പെടാവുന്നതാണ്. പൊതുവിജ്ഞാനത്തിന് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുത്താമോ എന്ന് പരിശോധിക്കുന്നതിനാണ് ഇത് താൽക്കാലികമായി നിലനിർത്തുന്നതിന് നിർദ്ദേശിക്കുന്നതിന് |
| {{ProtectMessage}} | ഉപയോക്താക്കൾ നിരന്തരം തെറ്റ് വരുത്തുന്ന ഒരു താളായതിനാൽ സംരക്ഷിച്ചിരിക്കുന്നു. താങ്കൾക്ക് താങ്കളുടെ സ്കൂളിന്റെ **........................** എന്ന താൾ സൃഷ്ടിക്കുവാൻ <സ്കൂളിന്റെ പേര്>/............................ സൃഷ്ടിക്കുക. ഉദാഹരണം: എബിസി സ്കൂൾ/Nerkazha |
| {{പൈതൃകവിദ്യാലയം}} | അൻപത് വർഷങ്ങൾക്ക് മുൻപ് എങ്കിലും ആരംഭിച്ച വിദ്യാലയം ഇപ്പോൾ പല കാരണങ്ങളാലും അടച്ചുപൂട്ടപ്പെട്ടുവെങ്കിലും അവയുടെ സ്കൂൾവിക്കി താളുകൾ ഉണ്ടെങ്കിൽ നിലനിർത്താം എന്നതിനാൽ സംരക്ഷിക്കപ്പെട്ട താളുകൾ. |
| {{വൃത്തിയാക്കേണ്ടവ}}<br>{{clean}} | അക്ഷരത്തെറ്റുകളും വാക്യപ്പിശകുകളും പോലുള്ള പിഴവുകൾ ഉണ്ടെങ്കിൽ, സ്കൂൾവിക്കിയുടെ ഗുണനിലവാരത്തിലും മാനദണ്ഡത്തിലും എത്തിച്ചേരാൻ ലേഖനം വൃത്തിയാക്കി എടുക്കുന്നതിന് |

| | |
|---|---|
| {{അപൂർണ്ണം}}<br>{{incomplete}} | ലേഖനം അപൂർണ്ണമാണ് എങ്കിൽ, പ്രധാന താളിലെങ്കിലും അത്യാവശ്യവിവരങ്ങൾ ചേർത്ത് പൂർത്തിയാക്കുവാൻ വേണ്ടി |
| {{Needs Image}} | ഇൻഫോബോക്സിൽ ചിത്രമില്ലെങ്കിൽ ചേർക്കുന്നതിന് നിർദ്ദേശിക്കുന്നതിന് |
| {{map}} | വഴികാട്ടിയിൽ മാപ്പ് ചേർത്തിട്ടില്ലെങ്കിൽ അത് ചേർക്കുന്നതിന് നിർദ്ദേശിക്കുന്നതിന് |
| {{Map Incorrect}} | വഴികാട്ടിയിൽ ചേർത്തിട്ടുള്ള മാപ്പ് തെറ്റാണെങ്കിൽ അത് ശരിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നതിന് |
| {{ഇൻഫോബോക്സ് അപൂർണ്ണം}}<br>{{infobox}} | ഇൻഫോബോക്സിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ലെങ്കിൽ അത് ചേർക്കുന്നതിന് നിർദ്ദേശിക്കുന്നതിന് |
| {{ഉള്ളടക്കം മലയാളത്തിലാക്കുക}} | ഉള്ളടക്കം മലയാളത്തിലല്ലായെങ്കിൽ അപാകത പരിഹരിക്കുന്നതിന് ഓർമ്മപ്പെടുത്തുന്നതിന് |
| {{Needs Info}} | താളിൽ സ്കൂളിന്റെ അടിസ്ഥാനവിവരം ചേർക്കണം എന്ന അറിയിപ്പ് നൽകുന്നതിന് |
| {{വഴികാട്ടി അപൂർണ്ണം}}<br>{{way}} | വഴികാട്ടി ഇല്ലായെങ്കിലും അവ്യക്തമെങ്കിലും |
| {{Schoolwiki award applicant}} | സ്കൂൾവിക്കി അവാർഡിന് മൽസരിക്കുന്ന വിദ്യാലയങ്ങൾ ചേർക്കേണ്ടുന്ന ഫലകം |
| {{Old infobox}} | പുതിയ ഇൻഫോബോക്സ് ചേർക്കാൻ ഓർമ്മിപ്പിക്കുന്നതിന് |
| {{orphan}} | ഇതൊരു അനാഥതാളാണ് സ്വതന്ത്രതാളായി നിലനിൽക്കാനുള്ള ശ്രദ്ധേയതയില്ല.<br>**ഇത് മായ്ക്കപ്പെടാനുള്ള സാദ്ധ്യതയുണ്ട്.** |

---

**മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം**

---

- **പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.**
- **ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.**
- **സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക.**